# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)
# (4-ാം നമ്പർ) ബിൽ

(നിയമസഭ 2025 ഒക്ടോബർ 9-ാം തീയതി പാസ്സാക്കിയ പ്രകാരമുള്ളത്)

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര - സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റും (2011-ലെ 5) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും (2021-ലെ 1) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര - സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 18-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18 എ. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ് -ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്- ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

3. 2011-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിൽ (2011-ലെ 5), 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്നിൽ ഒന്നിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്നിൽ ഒന്ന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.".

4. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 14-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) നിർവ്വാഹകസമിതിയുടെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ് - ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, നിർവ്വാഹകസമിതിയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ നിർവ്വാഹക സമിതിയുടെ ഒരു യോഗം വൈസ് - ചാൻസലർ വിളിച്ചുചേർക്കേണ്ടതാണ് .".

5. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17), 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ് - ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

6. 2021-ലെ 1-ാം ആക്റ്റിനുള്ള ഭേദഗതി.—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ (2021-ലെ 1), 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ് - ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

---